വ്യോമമാം കാവ്യത്തിങ്കൽ താരകാക്ഷരങ്ങളാൽ?
തേജസ്സിൻതരംഗങ്ങൾ നടനം ചെയ്തീടുന്ന
ശൈശവം പ്രേമാനന്ദപൂർണ്ണമാം സരിത്തത്രേ!
ജീവിതഗ്രന്ഥത്തിലേ രമ്യമാമദ്ധ്യായമേ,!
ഭവ്യമാം ചൈതന്യത്തിൻ ബീജമേ, നമസ്കാരം!

(2)

പൈതലേ, സത്യോത്ഥിത ലോകത്തിൽ പിറന്നതിൻ
ഉൾപ്രീതിയല്ലീ നിന്റെ ഹാസമായ് പ്രശോഭിപ്പൂ!
ശാരദചന്ദ്രൻതന്റെ ശാന്തിയോ, വിഭാതത്തിൽ
പുഞ്ചിരിതൂകും സൂനഭംഗിയോ, നിന്നിൽ കാൺമൂ!
പ്രേമത്തെപ്പരിപൂർണ്ണമാക്കും നിൻകരച്ചിലോ,
അക്ഷയാനന്ദത്തിന്റെ സംഗീതനാദം മാത്രം!
ലോകത്തിന്നജ്ഞാതമാം ഭാഷയി, ലാത്മാവിന്റെ
മാഹാത്മ്യഗാനം പാടി നിർവൃതി നേടുന്നു, നീ!
സ്വർഗ്ഗീയ ലോകത്തിലെ മുദ്രയാം ശുദ്ധസ്മിതം
സിദ്ധിച്ചു് ലോകം ബ്രഹ്മശാന്തിയെ യടഞ്ഞാവൂ!
ജീവിതദ്രുമത്തിന്റെ മൂലമേ, ജഗത്തിങ്കൽ
മംഗളംപൊഴിയ്ക്കുന്ന ദീപമേ, നമസ്കാരം!

(3)

“ദുഃഖമാം വീണക്കമ്പി മീട്ടുമ്പോഴും, തിരിച്ചു നീ
ഏത്തിനെ പ്രശാന്തമാം ശൈശവരംഗത്തേക്കായ്!
തപ്തമാംസന്താപത്തെ ശീതളമാക്കിത്തീർക്കും
പീയൂഷപരിവ്യാപ്ത സുന്ദരനാകത്തേക്കായ്—
എന്നല്ലീ ലോകത്തോടായ് നീയരുൾ ചെയ്തീടുന്ന
നിശ്ശബ്ദസന്ദേശമാം പുഞ്ചിരിസാരം, കുഞ്ഞേ?
എങ്കിലും പുരോയാന മോഹത്താലുപേക്ഷിപ്പൂ
തൊട്ടിൽ നീ—പാദംതെററിപ്പതിപ്പാൻ മാത്രം—കഷ്ടം!
കൃത്രിമാന്തരീക്ഷത്തിൽ ദൃശ്യമാമാശാചക്ര-
വാളമാം മിഥ്യാഭ്രാന്തിലാരുതാൻ പെട്ടീടാത്തു!
ഓമനേ, ത്യജിയ്ക്കേണ്ട ശൈശവം—പറന്നുപോം
ആനന്ദക്കിളി—പിന്നെ ജീവിതംനിത്യംശൂന്യം!
കണ്ണുനീർബിന്ദുക്കളാ ലങ്കിത ലോകത്തിൽ നീ
സച്ചിദാനന്ദാം ദിവ്യധാരയെ വഷിച്ചാവൂ!
ജീവിത തമസ്സിലെത്താരമേ, നൈർമ്മല്യാവ-
താരമേ, സുവാസന്തസൂനമേ, നമസ്കാരം!!

പി. കെ. കെ. മേനോൻ,
പൂർവ്വവിദ്യാർത്ഥി.

# കൃഷ്ണമായ.*

ഒന്നാം രംഗം.

[അഞ്ചു ഗ്രാമവാസികൾ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുന്നു.]

ഒന്നാമൻ:—പ്രിയസ്നേഹിതരേ, നാം എന്താണ് ഈ കാൎയ്യത്തിൽ ചെയ്യുക. അഞ്ചു ദിവസമായി ആലോചിച്ചിട്ടും ഞാൻ യാതോരു നിവൃത്തിയും കാണുന്നില്ല.

രണ്ടാമൻ:—നിങ്ങളുടെ ഈ വാക്കുകൾ ഞങ്ങളെ വല്ലാതെ വേദനപ്പെടുത്തുന്നു. ഈ കാൎയ്യത്തെക്കുറിച്ചുള്ള ഞങ്ങളുടെ ആലോചനയും നിഷ്ഫലമാവുകയാണ് ചെയ്തിട്ടുള്ളതു്.

മൂന്നാമൻ: ഞങ്ങൾ യുവാക്കന്മാരുംലോകപരിചയമില്ലാത്തവരും ആണല്ലൊ. പ്രായത്തിലും പഠിപ്പിലും ഞങ്ങൾ നിങ്ങൾക്കു എത്രയോ കീഴേ ആണ്ണ്. എന്നിട്ടും നിങ്ങൾക്കു ഒരു മാൎഗ്ഗം കാണാൻ സാധിക്കാത്തതിൽ ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു.

രണ്ടാമനും, നാലാമനും; അഞ്ചാമനും:—അതെ, അതെ, നിങ്ങളുടെ വാക്കുകൾ ഞങ്ങളെ കഠിനമായിപീഡിപ്പിക്കുന്നു.

രണ്ടാമൻ:—സഹോദരരേ, യാതൊരു മോചനവും ഇല്ലെന്നു വരുമോ?

ഒന്നാമൻ:—(മൌഢ്യമായി തല കുലുക്കികൊണ്ടു്) ഇല്ലാ,സഹോദരരേ, യാതൊന്നും ഇല്ല.

രണ്ടാമൻ:—നിങ്ങൾക്കാൎക്കും യാതൊരു ഉപായവും തോന്നുന്നില്ലെങ്കിൽ, നമ്മുടെ ഏററവും പ്രിയപ്പെട്ട കമലാവതി നമ്മുടെ കണ്ണിന്നു മുമ്പിൽവെച്ചുതന്നെ നിസ്സഹായയായി കാലധൎമ്മം പ്രാപിക്കും, പാപികളായ നാം അതു നോക്കി നില്ക്കേണ്ടിവരുകയും ചെയ്യും.

ഒന്നാമൻ: –കമലാവതിയുടെ ജീവൻ ഈശ്വരന്റെ കയ്യിലാണ് നമുക്കെന്തുചെയ്യാൻ സാധിക്കും. മനുഷ്യൎക്കു ചെയ്യാൻ സാധിക്കുന്നതെല്ലാം നമ്മൾ ചെയ്തിരിക്കുന്നു. എന്നാൽ അവർ നമ്മുടെഅഭിപ്രായങ്ങളെ ഒന്നും സ്വീകരിക്കുന്നില്ലല്ലൊ. കമലാവതി ഒരു വലിയ ഭക്തയാണ്. അവളുടെ മകൻ ഗംഗാധരൻ മരിച്ചതിന്നുശേഷം, അവളുടെ ജീവിതരീതിയിൽ വലിയ മാററം വന്നിട്ടുണ്ടു്. അവളുടെ ധനം മുഴുവനും അവൾ സാധുക്കൾക്കു ദാനം ചെയ്തിരിക്കുന്നു. അവൾക്കിപ്പോൾ വിശേഷപ്പെട്ട വസ്ത്രങ്ങളും വിലപിടിച്ച ആഭരണങ്ങളും ഇല്ല. അവൾ കാട്ടിന്റെ നടുവിൽ ഒരു ചെറിയ കുടിഞ്ഞിൽ ഉണ്ടാക്കി ശ്രീകൃഷ്ണഭഗവാനെ ആരാധി

---

* ഗുരുവായൂരപ്പൻ കെട്ടിടങ്ങളുടെ ഉൽഘാടനാവസരത്തിൽ അഭിനയിക്കാൻ വേണ്ടി ശ്രീമാൻ പി. വി. ഗോപിനാഥൻ ഇംഗ്ലീഷിലെഴുതിയതിനെ ടി. വി. ആർ. കുറുപ്പു പരിഭാഷപ്പെടുത്തിയതു്.

ച്ചുംകൊണ്ടു അവിടെ താമസിച്ചു വരിക യാണ്. അവൾ ഫലങ്ങൾ മാത്രമേ ഭക്ഷിക്കുന്നുള്ളൂ; അതും ദിവസത്തിൽ ഒരു പ്രാവശ്യം മാത്രം.

മൂന്നാമൻ:— കൃഷ്ണഭഗവാനിലുള്ള വിശ്വാസവും ഭക്തിയും നിമിത്തം അവൾക്കു വലിയ ശക്തികൾ സിദ്ധിച്ചിട്ടുണ്ടെന്നു പലരും പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. മൃഗങ്ങൾകൂടി അവളെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നു. അവളുടെ ആത്മീയശക്തികൊണ്ടു, അവൾ പല രോഗങ്ങളും മാററുന്നുണ്ട്. കഴിഞ്ഞ ഏകാദശി ദിവസം എൻെറ കാലിന്നു ഒരു സർപ്പം കടിച്ചപ്പോൾ, ഞാൻ അവളുടെ അടുത്തു ഓടിച്ചെന്നു. എൻെറ കാലിന്നു കുറച്ചുവെള്ളം ഒഴിച്ച്, "വിഷം ഇറങ്ങേണമെ" എന്നു കൃഷ്ണഭഗവാനോടു പ്രാർത്ഥിച്ചു. എന്തിനധികം പറയുന്നു; ഉടനെതന്നെ എൻെറ വേദന നിന്നു; എനിക്കു സുഖമാവുകയും ചെയ്തു.

ഒന്നാമൻ:—ശരി, ശരി, നിങ്ങളുടെ വാക്കുകളെല്ലാം ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. കമലാവതി ചെയ്തിട്ടുള്ള ഓരോ കാര്യങ്ങളേയും എണ്ണിപ്പറയുന്നതായാൽ, നിങ്ങളെല്ലാവരും വിസ്മയിച്ചുപോകും.

അഞ്ചാമൻ:— നിങ്ങൾ പറഞ്ഞതെല്ലാം വാസ്തവം തന്നെ. പക്ഷേ വല്ല ഉപായവും കണ്ടുപിടിക്കാഞ്ഞാൽ അവൾ ഉടനെ മരിച്ചുപോകുമല്ലൊ എന്നു വിചാരിക്കുമ്പോൾ എനിക്കു വലിയ വ്യസനമാകുന്നു.

[ഗ്രാമവാസികൾ ഇരുന്നു് വീണ്ടും ഗാഢാലോചനചെയ്യുന്നു. രണ്ടു ഭക്തന്മാർ പ്രവേശിക്കുന്നു.]

ഒന്നാം ഭക്തൻ:—(തൻെറ അനുചരനോടു പറയുന്നു.) ഇവിടെ ഇതാ ചില ഗ്രാമവാസികൾ ഇരിക്കുന്നു. അവൎക്കെന്തോ സങ്കടമുള്ളതുപോലെ തോന്നുന്നുണ്ട്. ഞാനവരോടു ചോദിക്കട്ടെ. (അവരുടെ അടുത്തുപോകുന്നു.) അല്ലയോ പുണ്യവാന്മാരേ, നിങ്ങളെന്താണ് ഇങ്ങിനെ വ്യസനഭാവത്തിൽ ഇരിക്കുന്നതു്?

ഒന്നാം ഗ്രാമവാസി:— നിങ്ങൾ ഈ കാട്ടിൽ ഇതിനുമുമ്പു വന്നിട്ടില്ലെന്നു തോന്നുന്നു. നിങ്ങളെ ഇവിടെ സ്വീകരിക്കുവാൻ ഞങ്ങൾക്കു വലിയ സന്തോഷം ഉണ്ടു്. ഞങ്ങൾക്കു വ്യസനമുണ്ടെന്നു നിങ്ങൾ പറഞ്ഞതു വാസ്തവമാണു. അതിന്നു മതിയായ കാരണവും ഉണ്ട്.

ഭക്തൻ:—നിങ്ങളുടെ വ്യസനത്തിൻെറ കാരണം പറയാമൊ?

ഒ-ഗ്രാ:—പറയാം. ഈ കാട്ടിൽ ഒരു പുണ്യവതി താമസിക്കുന്നുണ്ടു്. ആദ്യകാലത്തു് അവൾ വലിയ ധനമുള്ളവളായിരുന്നു. കുറച്ചുകാലം മുമ്പ് അവളുടെ ഗംഗാധരൻ എന്ന ഏകപുത്രൻ മരിച്ചുപോയി. ആ ദുർദ്ദിവസത്തിനു ശേഷം അവൾ സർവ്വ ഐഹികസുഖങ്ങളും പരിത്യജിച്ചിരിക്കുന്നു. അവൾ ഈ കാട്ടിൽ കൃഷ്ണഭജനവും ചെയ്തു താമസിച്ചുവരുന്നുണ്ടു്. അവൾ ദയയുടേയും സ്നേഹത്തിൻെറയും ഒരവതാരമാണ്. അവളുടെ നേരെ ഞങ്ങൾക്കു

ള്ള ബഹുമാനത്തിന്നും ഭക്തിക്കും അളവില്ല. ഞങ്ങൾ അവൾക്കുവേണ്ടി എന്തുചെയ്വാനും സന്നദ്ധരുമാണ്. ഇനി ഞങ്ങളുടെ വ്യസനത്തിന്റെ കാരണം പറയാം. കുറച്ചുദിവസങ്ങൾക്കു മുമ്പ് അവൾക്ക് ഒരു സ്വപ്നമുണ്ടായി. അതൊരസാധാരണ സ്വപ്നമായിരുന്നു. സ്വപ്നത്തിൽ കൃഷ്ണഭഗവാൻ പ്രത്യക്ഷനായി അവളോട് ഇങ്ങിനെ പറഞ്ഞു:—"നിന്റെ ഭക്തികൊണ്ട് ഞാൻ സന്തുഷ്ടനായിരിക്കുന്നു. നീ അല്പംപോലും വ്യസനിക്കേണ്ട; ശുഭം ഭവിക്കും." ഇങ്ങിനെ അവളെ അനുഗ്രഹിച്ചുംകൊണ്ട് കൃഷ്ണഭഗവാൻ അപ്രത്യക്ഷനായി. ആ ദിവസം മുതൽ അവളുടെ പ്രകൃതം മാറിയിരിക്കുന്നു. അവളുടെ ജപവും തപവുംമുമ്പിലേത്തതിനേക്കാൾ എത്രയോ അധികമായിരിക്കുന്നു. അവളുടെ മുഖത്തിന്ന് അപാരമായ തേജസ്സ് വന്നുകൂടീട്ടുണ്ട്. എന്നാൽ അവൾ യാതൊരു അന്നപാനങ്ങളും കഴിക്കുന്നില്ല. ഇന്നലേ മുതല്ക്ക് അവൾക്ക് അനങ്ങുവാനും സംസാരിപ്പാനും സാധിക്കാതെ ആയിരിക്കുന്നു. വല്ല ആഹാരവും കഴിക്കേണമെന്നുള്ള ഞങ്ങളുടെ അപേക്ഷയെ അവൾ സ്വീകരിക്കുന്നില്ല. മന്ദഹസിച്ചുംകൊണ്ട് "നിങ്ങളൊന്നും പരിഭ്രമിക്കേണ്ട" എന്നാണ് അവൾ പറയുന്നതു്. "ശ്രീകൃഷ്ണഭഗവാൻ എന്നെ അനുഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ട് എനിക്ക് യാതൊരു ഭയവും ഇല്ല" എന്ന് അവൾ പറയുമ്പോൾ ഞങ്ങളെന്താണ് ചെയ്യുക? അല്ലയോ ഭക്തശിരോമണേ! അവൾ മരിക്കാറായിരിക്കുന്നു. അവളെ രക്ഷിപ്പാൻ വല്ല വഴിയും ഉണ്ടോ?

ഭക്തൻ:—അവൾ വലിയ കൃഷ്ണഭക്തയാണെന്നാണ് നിങ്ങൾ പറയുന്നതു്.

ഗ്രാമവാസികൾ:—അതെ, അതെ, അതിന്നു യാതൊരു സംശയവും ഇല്ല.

ഭ:—നിങ്ങളോ?

ഗ്രാ-വാ-ൾ:—ഞങ്ങളു- ഞങ്ങളെല്ലാവരും കൃഷ്ണഭക്തന്മാരാണ്.

ഭക്തൻ:—നിങ്ങളുടെ കൃഷ്ണന്നു ഈ കാര്യത്തിൽ വല്ലതും ചെയ്വാൻ സാധിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

ഗ്രാ-വാ-ൾ:—ഉവ്വ്; ഉവ്വ്.

ഒ-ഗ്രാ:—ആ സ്വപ്നത്തിന്ന് എന്തോ അൎത്ഥം ഉണ്ട്. വല്ലതും സംഭവിക്കാതിരിക്കയില്ല. എല്ലാം നന്നായി കലാശിച്ചാൽ മതി എന്നു ഞങ്ങൾക്കുള്ളു. കൃഷ്ണഭഗവാൻ തന്റെ ആശ്രിതന്മാരെ വിട്ടുകളയുകയില്ലെന്നുള്ളത് തീർച്ചയാണ്.

ഭ:—നിങ്ങൾ പറയുന്ന ആ താപസസ്ത്രീ എവിടെയാണ് താമസിക്കുന്നത്? അവളെ ഒന്നു കാണിച്ചുതരാമോ?

ഗ്രാ-ൾ:—തീർച്ചയായും കാണിച്ചുതരാം. അവളെക്കൊണ്ടു വല്ല ആഹാരവും കഴിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. യാതൊന്നും ഭക്ഷിക്കാത്തപക്ഷം, അവൾ ഇനി ഒരു ദിവസംകൂടി ജീവിച്ചിരിക്കുമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. മുനിശ്രേഷ്ഠാ, ഇ

തിയേ വരു നമുക്കു അവളുടെ പൎണ്ണശാലയിലേക്കു പോകാം.

(എല്ലാവരും പോകുന്നു.)

## രണ്ടാം രംഗം.

[ഒരു പൎണ്ണശാലയിൽ ഒരു സ്ത്രീ ധ്യാനത്തിലിരിക്കുന്നു. അവളുടെ മുമ്പിൽ ഒരു ചെറിയ കൃഷ്ണവിഗ്രഹം ഉണ്ടു്.]

(അവരെല്ലാവരും പ്രവേശിക്കുന്നു.)

ഒ-ഗ്രാ: അവളതാ അവിടെ പതിവുപോലെ പ്രാൎത്ഥിച്ചുംകൊണ്ടിരിക്കുന്നു. നമ്മൾ അവളെ അലോസരപ്പെടുത്തേണ്ട. ഉപവാസം നിമിത്തം അവൾ എത്ര ക്ഷീണിച്ചു പരവശരായിരിക്കുന്നു.

ഭ:—അവൾ ഒരു യഥാൎത്ഥ ഭക്ത തന്നെയാണു്. ഈശ്വരൻ അവളെ തീൎച്ചയായും സഹായിക്കും എന്നു എനിക്കു തോന്നുന്നു.

ഗ്രാ:—വാസ്തവം, വാസ്തവം, ഞങ്ങൾക്കും അങ്ങിനെതന്നെ തോന്നുന്നുണ്ടു്. പക്ഷെ, അവളുടെ ജീവനു വല്ല അപായവും നേരിടുമോ എന്നാണു് ഞങ്ങളുടെ ഭയം. അവളുടെ പ്രാൎത്ഥന കഴിഞ്ഞു. അവൾ നമ്മളുടെ നേരെ നോക്കുന്നുണ്ടു്.

ഭ:—മാതാവേ, നമസ്കാരം. ഞങ്ങൾ വല്ലതും നിങ്ങൾക്കുവേണ്ടി ചെയ്യേണ്ടതുണ്ടോ?

കമലം:—പ്രിയ സ്നേഹിതന്മാരെ, നിങ്ങളുടെ സ്നേഹപൂൎവ്വമായ അന്വേഷണത്തിനു വന്ദനം. കൃഷ്ണഭഗവാൻ നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. നിങ്ങൾ എനിക്കുവേണ്ടി ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ല. നിങ്ങൾക്കു വീണ്ടും വന്ദനം.

ഭ:—മാതാവേ; ക്ഷമിക്കേണം; ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ; അവിടത്തെ മരിച്ചുപോയ ഗംഗാധരനുവേണ്ടി അവിടുന്നു ഉപവസിക്കയാണെന്നു് ഈ പുണ്യാത്മാക്കൾ എന്നോടു പറഞ്ഞു. ഈ വൻതപംകൊണ്ടു മരിച്ചുപോയ മകനെ തിരികേ കിട്ടുമെന്നു അവിടുന്നു വിചാരിക്കുന്നുണ്ടോ?

കമലം:—ദൃഢവിശ്വാസമുള്ളപക്ഷം ഏതൊരു നല്ല കാൎയ്യവും സഫലമാകാതിരിക്കയില്ല.

ഭ:—ആരാണു് അവടുത്തോടു് അങ്ങിനെ പറഞ്ഞതു്?

കമലം:—ശ്രീകൃഷ്ണഭഗവാൻതന്നെ. ഞാൻ അദ്ദേഹത്തെ എന്റെ സ്വപ്നങ്ങളിൽ കാണാറുണ്ടു്. ഞാൻ അദ്ദേഹത്തെ എപ്പോഴും എല്ലാ വസ്തുക്കളിലും കാണുന്നു.

ഭ:—എല്ലാ വസ്തുക്കളിലും എന്നുപറഞ്ഞതിന്റെ സാരം എന്താണു്?

കമലം: ഞാൻ കാണുന്ന സൎവ്വ വസ്തുക്കളിലും, ഞാൻ കൃഷ്ണഭഗവാനെ കാണുന്നുണ്ടു്. പക്ഷിമൃഗാദികളിലും, വൃക്ഷലതാദികളിലും, എന്നുവേണ്ട സൎവ്വ ചരാചരങ്ങളിലും ഭഗവാൻ എനിക്കു പ്രത്യക്ഷനാണു്.

ഭ:—ഇതു വാസ്തവമാണെങ്കിൽ കൃഷ്ണന്റെ ഒരു വിഗ്രഹം അവിടത്തെ മുമ്പിൽ വെച്ചിരിക്കുന്നതു എന്തിനാണു്? മറ്റേ

തെങ്കിലും ഒരു വസ്തുവിനെ നോക്കി കൃഷ്ണനെ ആരാധിച്ചാൽ പോരെ?

കമലം:—താപസശ്രേഷ്ഠ !, ഈ വിഗ്രഹം മാത്രമാണ് എൻെറ മുമ്പിലുള്ള വസ്തു എന്നു വിചാരിക്കേണ്ട. വൃക്ഷങ്ങളും പക്ഷികളും മൃഗങ്ങളും എൻെറ മുമ്പിൽ ഉണ്ട്. ഞാൻ പ്രാൎത്ഥിക്കുമ്പോൾ കൃഷ്ണഭഗവാനോടാണ് പ്രാൎത്ഥിക്കുന്നത്. അപ്പോൾ എല്ലാ വസ്തുക്കളും രൂപാന്തരം പ്രാപിച്ചു കൃഷ്ണഭഗവാനായി പരിണമിക്കുന്നു.

ഭ:—ഈ അഭിപ്രായം രസകരംതന്നെയാണ്. അവിടുത്തേക്കു കൃഷ്ണനിലുള്ള വിശ്വാസം അപാരമാണെന്നല്ലെ പറയുന്നത്?

കമലം:—അതേ അതുതന്നെയാണ്. സൎവ്വം കൃഷ്ണമയമാണ്.

ഭ:—എന്നാൽ ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കുക. ഇന്നത്തെ മദ്ധ്യാഹ്നപൂജക്കുശേഷം ഒന്നാമതായി കാണുന്നതിനെ വിനഷ്ടമായ ഗംഗാധരനാണെന്നു സങ്കല്പിച്ചു സ്വീകരിക്കുക. അതു മനുഷ്യനായാലും പക്ഷിയായാലും മൃഗമായാലും വേണ്ടതില്ല, അതിനെ സ്വപുത്രനെപ്പോലെ സ്വീകരിക്കുക. എന്നാൽ സൎവ്വ സുഖങ്ങളും അനുഭൂതമാകും. കൃഷ്ണൻ ഉടനെ വന്നു രക്ഷിക്കട്ടെ. വന്ദനം; സ്നേഹിതന്മാരെ, നിങ്ങൾക്കു വന്ദനം.

(ഭക്തൻ പോകുന്നു.)

ഗ്രാ-ൾ:—ഈശ്വരാ! നമ്മളെന്താണ് ഇനി ചെയ്യേണ്ടത്?

ഒ-ഗ്രാ—ഇപ്പോൾ നമ്മെ വിട്ടുപോയ ആൾ ഒരു ശ്രേഷ്ഠൻ തന്നെയാണ്. അദ്ദേഹത്തിൻെറ ആകൃതിയും പ്രകൃതിയും കൊണ്ടു എനിക്കങ്ങിനെയാണ് തോന്നുന്നത്. മാതാവേ, നിങ്ങൾ അദ്ദേഹത്തിൻെറ ആജ്ഞപ്രകാരം നടക്കേണമെന്നു വിചാരിക്കുന്നുണ്ടു ?

കമലം:—സ്നേഹിതന്മാരേ, തീൎച്ചയായും ഞാൻ അപ്രകാരം ചെയ്യും. അദ്ദേഹം ഒരു ശ്രേഷ്ഠതാപസനാണ്; അദ്ദേഹത്തിൻെറ കല്പനയെ ഞാൻ നിശ്ചയമായും അനുസരിക്കും. മദ്ധ്യാഹ്നപൂജക്കുശേഷം ഒന്നാമതായി കാണുന്ന ജീവി എതുതന്നെ ആയിരുന്നാലും അതിനെ ഞാൻ എൻെറ പുത്രനായി കൈക്കൊള്ളും. കൃഷ്ണഭഗവാനെ നിത്യം ആരാധിക്കുകയും ചെയ്യും.

ഗ്രാ-ൾ:—എന്നാൽ ഞങ്ങൾ ഉച്ചക്കുശേഷം വന്നു അവിടുത്തെ പുത്രനെ കണ്ടുകൊള്ളാം.

കമലം:—അങ്ങിനെയാവട്ടെ.

(ഗ്രാമവാസികൾ പോകുന്നു--കൎട്ടൻ വീഴുന്നു.)

## മൂന്നാം രംഗം.

[ഭക്തനും മററൊരാളുംകൂടി പ്രവേശിക്കുന്നു.]

ഭ:—ബലരാമാ, ഞാൻ കമലത്തിൻെറനേരെ പ്രീതനായിരിക്കുന്നു. ഞാൻ അവളുമായി സംസാരിച്ചതിൽ അവൾ പരിശുദ്ധഭക്തയാണെന്നു കണ്ടിരിക്കുന്നു. അവൾക്കു എന്നിൽ അപാരമായ വിശ്വാസവും ഉണ്ട്.

ബലരാം:—നീ അവളുടെ മകനെ തിരിച്ചുകൊടുക്കേണമെന്നു വിചാരിക്കുന്നുണ്ടോ?

കൃ-ഭ:—ഉവ്വ്. ഞാൻ അവളുടെ മകനെ തിരികെ കൊടുക്കുന്നതാണ്. അവൾ എന്റെ കാരുണ്യത്തിന്നു അർഹയാണു. ഞാൻ എന്റെ മായയെ പ്രയോഗിച്ചു അവളെ ഒന്നുകൂടി പരിശോധിച്ചുനോക്കും. അവളുടെ വിശ്വാസം നിശ്ചലമാണെന്നു കണ്ടാൽ ഞാൻ അവളെ അനുഗ്രഹിക്കുകയും അവളുടെ പുത്രൻ ഗംഗാധരനെ തിരിച്ചുകൊടുക്കുകയും ചെയ്യും.

ബലരാം:- എന്താണ് നിന്റെ ഒടുവിലെത്തെ പരിശോധന?

കൃ-ഭ:—ഞാൻ ഒരു വാനരവേഷം ധരിച്ച് മദ്ധ്യാഹ്നത്തിൽ അവളുടെ അടുത്തുചെല്ലും. എന്റെ ആജ്ഞയ്ക്കനുസരിച്ച് അവൾ വാനരനെ സ്വപുത്രനായി സ്വീകരിക്കുന്നപക്ഷം, ഞാൻ അവളുടെ പുത്രനെതിരികെ കൊടുക്കും. അതുകൊണ്ടു എന്നെ വാനരവേഷം അണിയുവാൻ സഹായിച്ച് എന്നെ വിടുക.

[കൃഷ്ണഭഗവാൻ വാനരവേഷം ധരിക്കുന്നു; ബലരാം പോകുന്നു.]

കൃ-ഭ:—മദ്ധ്യാഹ്നമായിപ്പോയി, ഞാൻ ഇനി കമലാവതിയുടെ അടുത്തുപോകട്ടെ. [പോകുന്നു.]

വനരംഗം.

(കമലാവതി വിഗ്രഹത്തിന്റെ മുമ്പിൽ ഇരുന്നു പ്രാർത്ഥിക്കുന്നു. വാനരൻ സ്വചേഷ്ടകളോടുകൂടി അവളുടെ അടുത്തുചെല്ലുന്നു.)

കമലം:—(കണ്ണുതുറക്കുന്നു.) ഹാ! ഒരു കുരങ്ങ് ഇതാവരുന്നു. കൃഷ്ണഭഗവാൻ വാനരാകൃതിയിൽ എന്റെ മകനെ ഇങ്ങട്ടയച്ചിരിക്കയാണ്. ഞാൻ അതിനെ എന്റെ പുത്രനായി കൈക്കൊള്ളും. (കുരങ്ങിന്റെ അടുത്തേയ്ക്കു പോകുന്നു.) ഗംഗാധരൻ, വരൂ (കുരങ്ങ് അവളുടെ അടുത്തുപോയിരിക്കുന്നു. കമലം എഴുന്നേല്ക്കുന്നു.)

ഞാൻ നിനക്കു ചില ഫലങ്ങളെ കൊണ്ടുത്തരാം. (രംഗംവിട്ടുപോയി രണ്ടു മധുരനാരങ്ങയോടുകൂടി വരുന്നു.) മകനേ, ഈ മധുരനാരങ്ങ തിന്നുക. നിനക്കു ഞാൻ വല്ലതും തിന്നാൻതന്നിട്ടു വളരെ വളരെ കാലമായല്ലൊ, (കുരങ്ങു ഫലങ്ങൾ എടുത്തു തൊഴുന്നു. അവയെ അവളുടെ അടുത്തുതന്നെ വെച്ചു രംഗം വിട്ടുപോയി കുറേ പഴങ്ങളോടുകൂടി തിരിച്ചുവന്ന് അവയെ അവൾക്കു കൊടുക്കുന്നു.)

കമലം:—ഹാ! ഇതു് എന്റെ മകൻ ഗംഗാധരൻ തന്നെയാണ്. അവൻ പകരം വല്ലതും എനിക്കു തരാതെ യാതൊന്നും ഭക്ഷിക്കാറില്ല.

(ഗ്രാമവാസികൾ പ്രവേശിക്കുന്നു.)

ഒ-ഗ്രാ:—ഹോ! ഇവൾക്ക് ഒരു കുരങ്ങിനെ മകനായി കിട്ടിയിരിക്കുന്നു.

കമലം:—പ്രിയസ്നേഹിതന്മാരെ, വാനരാകൃതിയിലാണെങ്കിലും ഇതു് എന്റെ മകൻ ഗംഗാധരനാണ്. കൃഷ്ണഭഗവാൻ എന്റെ നേരെ വലുതായ ദയ

കാണിച്ചിരിക്കുന്നു. അതുകൊണ്ടു് നാമെല്ലാവരും നമസ്കരിച്ചു കൃഷ്ണഭഗവാനെ പ്രാൎത്ഥിക്കുക. അതിന്നുശേഷം നമുക്കെല്ലാവൎക്കും ഒന്നായി ഭക്ഷിക്കാം. എനിക്കിപ്പോൾ വലിയസുഖം തോന്നുന്നുണ്ടു്.

ഗ്രാ-ൾ---കൃഷ്ണനെ വന്ദിക്കുക, അവൾ ഭക്ഷണം കഴിക്കാൻ തീൎച്ചയാക്കിയല്ലൊ. അതു അവളുടെ പുത്രനോ കുരങ്ങോ എന്തെങ്കിലുമാവട്ടെ; അവൾക്കു് സുഖം കിട്ടിയതല്ലൊ. നാം അതുകൊണ്ടു ഭഗവൽ പ്രാൎത്ഥന ചെയ്യുക. (എല്ലാവരും നമസ്കരിച്ചു പ്രാൎത്ഥിക്കുന്നു.)

(മൂന്നാം കൎട്ടൻ പൊങ്ങുന്നു. മുരളീനാദം മുഴങ്ങുന്നു. കൃഷ്ണൻ സ്വൎണ്ണപീഠത്തിന്മേൽ നില്ക്കുന്നു. ബലരാമനും മററും അരികിൽ കുഴൽവിളി നിൎത്തി സംസാരിക്കുന്നു.)

കൃഷ്ണഭഗവാൻ:—

യദായദാഹി ധൎമ്മസ്യ
ഗ്ലാനിൎഭവതി ഭാരത
അഭ്യുത്ഥാനമധൎമ്മസ്യ
തദാത്മാനം സൃജാമ്യഹം.
പരിത്രാണായ സാധൂനാം
വിനാശായച ദുഷ്കൃതാം
ധൎമ്മസംസ്ഥാപനാൎത്ഥായ
സംഭവാമി യുഗേയുഗേ.

ധൎമ്മത്തിന്നു അധഃപതനം സംഭവിക്കുകയും അധൎമ്മത്തിന്നു ശ്രേഷ്ഠത സിദ്ധിക്കുകയും ചെയ്യുമ്പോൾ ഞാൻ അവതരിക്കുന്നു. ശിഷ്ടരക്ഷണത്തിന്നും ദുഷ്ടനിഗ്രഹത്തിന്നും ധൎമ്മ സംസ്ഥാപനത്തിന്നും വേണ്ടി ഞാൻ യുഗംതോറും അവതാരംചെയ്യുന്നു.

കമലാവതീ, എഴുന്നേല്ക്കുക, എന്നിലുള്ള നിന്റെ ഭക്തവിശ്വാസങ്ങൾ എന്നെ സന്തുഷ്ടനാക്കിയിരിക്കുന്നു. അതിന്നു പ്രതിഫലമായി ഈ വാനരന്നു നിന്റെ പുത്രൻ ഗംഗാധരന്റെ രൂപത്തെ ഞാൻ നൽകാം.

(കൃഷ്ണഭഗവാൻ വാനരനെ അടുത്തേയ്ക്കു വരുവാൻ ആംഗ്യം കാണിക്കുന്നു. വാനരൻ അടുത്തുപോയി നമസ്കരിക്കുന്നു. എല്ലാവരും ഭക്തിപരവശരായി നില്ക്കുന്നു. കൃഷ്ണഭഗവാൻ വാനരനെഅനുഗ്രഹിക്കുന്നു. ബലരാമൻ വാനരന്റെ വസ്ത്രങ്ങളെ നീക്കം ചെയ്യുന്നു. ഗംഗാധരന്റെ സ്വരൂപം പ്രത്യക്ഷമാകുന്നു. കൃഷ്ണൻ അവനെ അനുഗ്രഹിച്ചു ഇപ്രകാരം പറയുന്നു.) കൃ-ഭ:—ഗംഗാധരാ, ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. നിന്റെ മാതൃസവിധത്തിൽ പോകുക. കമലാവതീ, നിന്റെ പുത്രനെ ആശ്ലേഷിച്ചു സ്വീകരിക്കുക.

ശുഭം.

# Two Nambudiri Stories.

I

The poor old Nambudiri of Arakkillam was late when he reached the station. He was leaving Palghat for Guruvayoor for the Ekadasi. He had bought the ticket and entered the platform, when he heard the whistle for the departure of the train. He was excited. He immediately ran to the last compartment. The Guard shouted to him not to board the moving train, and hurrying along with the train for a short distance, jumped on to the footboard. Seeing this, the Nambudiri ran to the spot and pulled the guard down. The train was stopped at once. The guard was seriously injured. The Nambudiri was handed over to the police. The guard filed a complaint against the Nambudiri. The case was tried on the 10th of January 1933. Many came to hear the trial. The Judge asked the Nambudiri the reason for pulling down the guard. Immediately the Nambudiri said. "The guard objected to my getting into the train when in motion. He himself got into the train when the train was in motion. That was the only reason." There was a great laugh in court and many went into convulsions. The guard himself was astonished. The court took a lenient view of the matter and directed the simple Nambudiri to be released. On the whole, the Nambudri was sorry, while he ought to have been glad. The reason was that he had missed the famous Guruvayur Ekadasi festival. The guard was sorry for it had been Ekadasi for him in hospital for many a day.

K. V. Dharma Rajan.

II

Adakaputhur, a village in Walluvanad, is famous for its temple, and celebrates yearly with great pomp and solemnity a feast called "Varam" during which time "Palpayasam" a preparation of rice, milk and sugar, predominates.

The Nambudiris get the lion's share of this Malabar ambrosia, and generally a large number flock to this temple during the occasion. A fair number of Tamil Brahmins of the Patter type also come in to get a share of the *payasam* but as the custom is to serve the Nambudiri's dinner first and then the Patters', the latter get only a scanty portion of the coveted dish. This long-standing preferential treatment resulted in the formation of a gang of Patters headed by Kittan who was noted for his black magic. They planned to outwit the Nambudiris and to get the upper hand at least once in their life. To achieve this object Kittan smeared his head with tannic paste and tattooed his body with red and black spots simulating smallpox. He was carried by the gang in a litter to the precints of the temple just before the feast commenced. As the litter was lowered they sighted a Nambudiri hurrying into the temple. They explained to him Kittan's pitiable situation. The news of Kittan's smallpox spread like wildfire amongst the other Nambudiris who fled incontinently from the temple leaving Kittan and his Patter gang in full possession of gallons of the sweet stuff for which they had been greedy so long.

Chama Krishnan.

[*Palpayasam* is one of several sweets served at a Malabar dinner. The Gods are supposed to be as fond of it as the Brahmins are. There are people who claim they can swallow sixty or seventy ladle-fulls of the thick cloying stuff at one sitting,—and this on top of a dinner which would make the doughtiest alderman burst! Ed. Z. C. M.]

UNIVERSITY LIBRARY
24 MAR 1925
MADRAS

PREPARATION, *by C. K. Menon, (old boy).*






Sketch, by G. K. Balakrishnan, (VI).




The wandering musician
by S. N. Shenoy, (VI Form).

UNIVERSITY LIBRARY
24 MAR 1935
MADRAS

# Desertion.

*(By C. P. K. Tharagan, M. A., Hons.)*

THEY had flung themselves gladly on the bare hard floor of the deserted hut that stood by the little foot-path in the heart of the jungle. The light of a weary moon "nearly at the full" filtered through the broken roof of the ramshackle structure, and rendered their huddled, half-naked forms darkly visible. Out there the moonlight lay on the thick underwood like a dark mantle inwrought with starlike patterns, varying in shape and size, and shifting with every gust that ruffled the leaves of the immense branches overhead. The wind hissed and howled by turns as it entered the room where they lay exposed to its fury, through windows without shutters, and a doorway without a door. On the wind came floating the terrific and multitudinous noises of the jungle, muffled by distance and merged in the continuous uproar set up by the blast.

They were lying on the ground alongside of each other, wrapped up in a single garment, a long piece of cloth once hers and now shared between them.

Stretched on the dusty floor, her half-bare limbs showing softly in the pale light, she appeared like a lily torn from its bed in high Manasasaras and tossed away by some careless god in sport.

She was fast asleep, and her worn and weary features were composed into an expression of serenity and repose.

As he listened to her soft and regular breathing his heart filled anew with bitterness. In re-doubled restlessness he rolled about on the hard floor.

When he could no longer endure it, he slipped aside his share of the wrap, and without disturbing her, he raised himself on his elbows in act to get up.

He was stark naked. In an extremity of doubt and dismay, he cast his eyes around him. His eyes travelled slowly back and dwelt with a hopeless look on his own naked limbs.

Charged with a sudden impulse, he sprang up and made for the central court yard of the caravanserai illuminated by a bright patch of moonlight; and going down on his knees, began to grope among the debris accumulated there through ages. He ransacked the heap with an intense eagerness. At last his face brightened as he came upon what he sought, and with an exclammation of unholy pleasure, he rose to his feet, clutching in his hand the rusty blade of an old hunting knife.

As he stood up once again, he was conscious of a wavering within him.

He was no longer alone. A man was standing in front of him, regarding him in the indistinct light with infinite pity.

"Who are you?" he shouted, to conceal his uneasiness.

"I am the true Nala, King of the Nishadhas, the husband of Damayanti,—" replied the newcomer.

"Who am I, then?" he asked of his double, with a chuckle of relief.

"You are an impostor. Nala the gambler, who staked his kingdom, with all the security and happiness it meant to himself and his wife and children against a foolish trifle, and lost all; Nala the beggar and outlaw, who could not keep by him a single piece of waist-cloth to cover his nakedness with, but must needs go and spread it as a net to catch birds, by far his betters and infinitely wiser than he, being able to take care of themselves; who tempts fate again and find himself despoiled of the last rag that kept him

from the shame of utter nakedness ; Nala, the budding thief, who having shared with a peerless and incomparable wife her only garment all day long, would now, while she is sleeping, steal half of it and make off, leaving her alone in the deep jungle, at dead of night, to the mercy of wild beasts and wilder men."

Nala:—"I desert her for her own good."

Newcomer:—"Liar and hypocrite!"

Nala:—"In the jungle she is safe. The wild beasts have not the heart to harm her: wild men dare not lift a finger against her: such is the might and majesty of her virtue. No ; alone she is free from all danger, and may be persuaded to end her voluntary exile by going home to the Vidarbhas ; it is with me that she will have to run perpetual risks, and can have no peace or rest. I am then not deserting her so much as delivering her from her greatest misfortune, myself."

Newcomer:—"Then wake her up and tell her of this great service, this laudable design of yours".

Nala:—"It would be no use. I have tried my best to persuade her to leave me and join her children at her father's court. She refused firmly and repeatedly. Her fidelity discomfits me ; her fondness now puts me to shame. I can only run away from her, in order to save her from the company of a wretch who has long ceased to be worthy of her love and goodness"

Newcomer:—"Don't be a hypocrite! It is you that have found her company intolerable and want to shake off her restraining influence. You secretly resent her purity. You are sore at her cheerfulness in the midst of miseries and hardships that make you groan, first for yourself, and then for her. Her clear and unburdened conscience is a reproach to you. Even a moment back, you envied, in your heart of hearts, her well-won repose!"

Nala:—"Oh righteous monitor! What does this heavy indictment prove even if it were all true? That I am not yet so utterly lost to all humane feelings but can still suffer for Damayanti's woes far more keenly than for my own! Her sufferings were not, like mine, the fruit of her own guilt ; unless indeed the poor girl's choice of me at her Swayamvara, when gods attended as her suitors, be reckoned as one. Since her wretchedness is unmerited, she can feel superior to it, and bear it with cheerfulness. For the same reason I would rather die than bear the sight of it. I confess it is intolerable to remain with her when I must, by doing so, inflict every moment some new pain or humiliation on her."

Newcomer:—"So it is really with the selfish motive of sparing your own feelings that you desert your wife? You are running away from some fancied unpleasantness to your emotions, and leaving your wife asleep in the heart of a deep jungle to run real risks when she wakes up alone."

Nala:—"She will run no risks. It is I that shall have to face fearful perils when no longer protected by her benign presence. I shall be abandoned to my ill-luck and left to swim in a sea of troubles and dangers which must well nigh drown me. But I shall be able to support every thing with a better heart if she should not be dragged through the same mire. The innocent should not suffer with the guilty."

Newcomer:—"You don't really think of her feelings in the matter. Has she not as much right to choose her happiness as you? Suppose she elects to remain with you as being happiest so in any circumstances? At any rate, she has told you so time and again. Why should you doubt her sincerity?"

Nala:—"If I did not, I should go out of my mind. If I have to reconcile her way of life and happiness with what could make my own life barely tolerable, I should go mad. To save my wits, I must act selfishly."

Newcomer:—"Then at last you own up the real nature of your motive? You are being deliberately selfish and wicked."

Nala ;—(with a sigh) "I suppose I am. Yet I cannot very well help myself. The hell within me goads me to act. Action in my case can be but evil, but yet I must act ; it is the only way to precipitate my evil destiny, to wear it out and live it down. I know the alternative you would suggest ; that I should live in passive torture with the agony of this conflict within and without, meekly, dragging along, in a double sense, an innocent woman bound to me by an insane and perverse affection for my worthlessness. No ! My mind is made up. Stand out of my way !"

Newcomer :—"Oh thou who once wert Nala ! Stay and reflect ! Do not take a step that is irrevocable and fraught with eternal shame to your honour and manhood !"

Nala :—"Out of my way or you shall rue it ! I won't reflect ! I shall act. I shall cut off half of her wrap without waking her and run away and lose myselt in the jungle where I shall be all alone, almost exulting in my misery at the thought of her liberation."

Newcomer :—"But imagine her feelings when she wakes up ! And the sacrilege of cutting off part of a woman's clothing at night and in sleep ! You might as well plunge the knife in her bosom from pure charity ! Avoid the deed at least to avert the dreadful omen!"

Nala :—(With another dry chuckle) "Oh, lying spirit that would set up to be my better self ! When a man is hunted so remorselessly by a cruel destiny and brought to bay he cares not for mere omens of ill-luck ! All weightier arguments having failed, you do well to try the effect of a scruple, potent enough in days of prosperity, to shake my stern resolve born of despair ! I doubt if your wisdom and virtue be as infallible as you pretend after all !"

With that he moved forward, scowling menacingly. The Newcomer disappeared as suddenly as he came...

He approached the sleeping queen, and reverently stooping down, cut off a half of her garment and wrapped it round his loins. He rose to his full height and stood for a moment with his eyes lifted up towards the sky, his hands folded on his breast, and the palms of his hands pressed close to each other shaping like a lotus bud, in the attitude of supplication. He tried to pray, but could not.

He wiped the beads of perspiration from his forehead as he stepped out of the ruined and deserted hut and made for the pathless depths of jungle, muttering : "I am glad I have won. I should have killed myself if *he* had prevailed !"

# My first Air-ride.

**By K. S Raman, (Junior Intermediate.)**

I had determined to have a joy-ride in a plane belonging to the Flying Club.

The breeze was light, the light was grey, and grey was the plane in which I was to fly. The pilot who was to accompany me was a very skilful and experienced man.

The plane was a Fox-Moth two-seater. At the request of my pilot I donned a suit with a helmet fitted with large goggles, in which I looked like a shy big snail in its shell.

He asked me to step into the cock-pit, which I did with the assistance of two mechanics; and directly I was seated, they bound me with leather straps to the sides of the seat as if I was a convict to be transported. The pilot followed me into the other rabbit hole—I mean cock-pit—but was not strapped like me. So I was only just in envying his freedom.

The pilot then switched on the ignition and opened the juice, whereon one of the mechanics went to the front and gave the propeller a couple of swings. The faithful Foxy afte giving a few pistol like reports started, and when the pilot released the trace, the plane shot forward more eagerly than Alexander's Bucephalus himself. It taxied along the ground for a short distance, picking up speed, and when the pilot tilted the joy-stick a little, took off so smoothly that I was not aware of it till we passed a tree which seemed to be rushing along underneath like the Devil. By tilting the joy-stick a little more we steadily climbed to a fairly high altitude where the pilot levelled and swung out the plane so that its nose pointed towards the east.

There was a steady and strong nor'-wester blowing which was rather unhealthy for our bus. But all went well for a time and the panoramic view of the world below was indeed indescribable. But the joy did not last long; trouble came in the form of engine failure. It gave a few spurts and stopped dead, not in the least disturbed by the fact that two helpless human beings were aboard her and consequently at her mercy. A pilot like mine could have safely glided to the ground in calm weather. But now the accursed wind was blowing harder than ever. Before he could do anything the 'plane dipped, and the pilot, seeing that there was no hope, cut the straps and released the catch of the parachute that was attached to my back. Suddenly the plane turned turtle and got into the much-dreaded spin. I was shot from it like a stone from a catapult. I gasped for air for some moments, travelling at a terrible velocity vertically downwards till my chute opened. This gave me such a jolt that it all but knocked the breath out of me. Then I continued my journey down at a moderately low speed. I closed my eyes, every minute expecting to be crushed like an egg-shell on a rock. But suddenly I hit something soft, and the next moment the whole chute and all its strings were on me as though trying to smother me. I saw my pilot lying at a distance uninjured to all outward appearance and as though in a sleep.

Suddenly I woke and found that I had fallen from my cot dragging the pillow, the quilt, the rug, and curtain all upon me. I called my servant who was sleeping just outside my door; with much reluctance he came to my rescue. It was then that I discovered, that it had all been a dream and that the drone of the plane was nothing but my servant who had been snoring like a pig.

# ഒരു വീരതരുണി.

ഭാരതചക്രവത്തി അക്ബറാണ്. ഹിന്ദുസ്ഥാനത്തിൽ മീവാർ ഒഴികെ മററുള്ള രാജ്യങ്ങളെല്ലാം അദ്ദേഹത്തിന്നു കീഴടങ്ങിയിരുന്നു. മഹാറാണാ പ്രതാപസിംഹൻ സ്വാതന്ത്ര്യത്തിന്നും സ്വാഭിമാനത്തിന്നും വേണ്ടി നിരന്തരം സമരം ചെയ്തുകൊണ്ടിരിക്കുന്നു. രജപുത്രാന്തരീക്ഷത്തിലേ ധൂമകേതുവായ മാനസിംഹൻ മീവാർ പതനത്തിന്നുവേണ്ടികഠിനമായി ശ്രമിക്കുന്നു.

ചരിത്രകാരന്മാക്ക് ഏതാണ്ട അശോകനോടു തുല്യനായി തോന്നിയിരുന്ന അക്ബർ രജപുത്രകന്യകളുടെ ദൃഷ്ടിയിൽ ഒരു കാമകോമരമായി കാണപ്പെട്ടുതുടങ്ങിയിരിക്കുന്നു.

ഇതാണ് കാലം. സംഭവം നടന്നതു ആഗ്രാ നഗരിയിൽ വെച്ചും നായിക രജപുത്ര വധൂശിരോലങ്കാരമായ മീരയും ആണ്.

അക്ബറുടെ ഭരണകാലത്തു ആഗ്രയിൽ പ്രത്യേക തരത്തിലുള്ള ഒരു ചന്തയുണ്ടായിരുന്നു. ഇതു കൊല്ലത്തിലൊരിക്കൽ മാത്രമേയുള്ളു. ഇതിലെ വില്പനക്കാരും കോളുകാരും എല്ലാം സ്ത്രീകളാണ്. പുരുഷന്മാക്ക് പ്രവേശനമില്ല. ഈ സ്ത്രീകൾ സാധാരണക്കാരായിരുന്നില്ല. അവർ അക്ബറുടെ സാമന്തന്മാരുടെ പുത്രികളും കളത്രങ്ങളും ആയിരുന്നു. ചക്രവത്തിയുമായി സന്ധിയിലേപ്പെടുന്ന ഏതു രാജാവും തൻെറ കുടുംബത്തിലുള്ള സ്ത്രീകളെ ഈ ചന്തക്കയക്കണമെന്നു ഉടമ്പടിയിൽ ഒരു നിബന്ധനയുണ്ടാകും. അതു പ്രകാരം നടക്കാനവർ ബാദ്ധ്യസ്ഥരുമാണല്ലോ. ഇതാണ് "നവരോജ്."

അതാ, ചന്തയിലേക്കു കടക്കുവാനുള്ള മാഗ്ഗത്തിന്നടുത്ത് രണ്ടു തരുണീരത്നങ്ങൾ ആരുടേയോ വരവിനെയും പ്രതീക്ഷിച്ചു നില്ക്കുന്നു. ഒന്നൊരു പ്രൗഢയും മറേറതു ഒരു യുവതിയുമാണ്. ഇരുൾനിറത്തിലെങ്കിലും മനോഹാരിണിയായ ആ പ്രൗഢ എല്ലാ കുറിയും ഈ ചന്തയിൽ ഹാജരാകാറുണ്ട്. വസ്ത്രധാരണരീതികണ്ടാൽത്തന്നെ അവൾ ഒരു വലിയ ധനികയാണെന്നു ആക്കും മനസ്സിലാക്കാം. അവൾ ഒരു സൗന്ദര്യാരാധകയാണ്. സുന്ദരിമാരായ യുവതീരത്നങ്ങളെ കണ്ടാൽ ഇവൾക്കു വളരെ സന്തോഷമാണ്. അവക്ക് വളരെ വിലയേറിയ രത്നങ്ങൾ വാങ്ങി സമ്മാനിക്കും; തൻെറ മണിഗൃഹത്തിൽ കൊണ്ടുപോയി സല്ക്കരിക്കും. അവളും ചക്രവത്തിയും തമ്മിൽ എന്തോ ബന്ധമുണ്ടെന്നു ഒരു ജനസംസാരമുണ്ടായിരുന്നു. അവൾ താമസിച്ചിരുന്നതു തന്നെ കൊട്ടാരത്തിന്നടുത്തുള്ള ഒരു മാളികയിലായിരുന്നു. ഇവരുടെ പേർ മന്തസ് ബീഗം എന്നാണ്. അന്നു അവളുടെ

അടുത്തുണ്ടായിരുന്ന യുവതിയുടെ പേർ അംബരകുമാരി എന്നാണ്. നമുക്കിപ്പോൾ അത്രമാത്രം അറിഞ്ഞാൽ മതി.

കുറച്ചുനേരം കാത്തുനിന്നതിന്നു ശേഷം മംതസ് ചോദിച്ചു: "അവൾ വരില്ലേ?

"വരാതിരിക്കില്ല. എന്നാൽ ഇതു ആദ്യത്തെ പ്രാവശ്യമാകയാൽ നമ്മുടെ ഉദ്ദേശം സാധിക്കുമെന്നു തോന്നുന്നില്ല." എന്നു അംബര മറുപടി പറഞ്ഞു.

"അതു ഞാൻ ശരിയാക്കാം."

നമുക്കു രണ്ടു ദിവസം പിന്നോട്ടു പോകാം. പൃത്ഥ്വീരാജനും മീരയും തമ്മിൽ എന്തോ സംസാരിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് അതെന്താണെന്നറിവാൻ ശ്രമിക്കാം. എന്നാൽ വരട്ടെ—ഇവരെപ്പററി ഒരു വിവരണം അത്യാവശ്യമായിരിക്കുന്നു.

ബിക്കാനീർ രാജാവായ പൃത്ഥ്വിരാജൻ ആക്ബറിന്റെ ഏററവും പ്രിയപ്പെട്ട ആസ്ഥാനകവിയാണ്. സുന്ദരനായ ആ തരുണൻ ശീശോദീയ വംശകളങ്കമായ ശക്തസിംഹന്റെ പുത്രി മീരയുടെ ഹൃദയം ആകർഷിച്ചു. ശക്തൻ അക്കാലത്തു ജ്യേഷ്ഠനോടുയോജിച്ചാണ് കഴിഞ്ഞിരുന്നതെങ്കിലും പൃത്ഥ്വിരാജന്നു തന്റെ മകളെ വിവാഹം ചെയ്തുകൊടുത്തു.

സൗന്ദര്യസൗശീല്യാദികളിൽ മീരക്കു തുല്യയായി പ്രാചീനഭാരതത്തിലേ സീതാദേവി മാത്രമേയുള്ളുവെന്ന് പൃത്ഥിരാജൻ തന്റെ നിസർഗ്ഗസുന്ദരമായ കവിതയിൽ ഘോഷിച്ചിട്ടുണ്ട്. എന്നാൽ ആ വന്ദ്യകവിക്കു കുറച്ചു തെററിപ്പോയി. സ്വഭാവത്തിൽ അവൾ ഒരു ദ്രൗപതിയായിരുന്നു. ചക്രവർത്തിപോലും അവളുടെ പാണിഗ്രഹണത്തിന്നാഗ്രഹിച്ചു. മീര സമ്മതിച്ചില്ല. ശക്തനും അവളോടു യോജിച്ചു. സ്വാഭിമാനം വിററതിന്നെങ്കിലും, സ്വാതന്ത്ര്യത്തിന്നെതിരായി ജ്യേഷ്ഠനോടു യുദ്ധം ചെയ്തുവെങ്കിലും, മുകിലർക്കു ശീശോദീയ വംശത്തിലെ സ്ത്രീകളെ വിവാഹം ചെയ്തുകൊടുപ്പാൻ ആയാൾ തെയ്യാറായിരുന്നില്ല. ആക്ബർ നിരാശനായടങ്ങി.

എന്നാൽ അദ്ദേഹം ഈ ധിക്കാരത്തിന്നു പ്രതികാരം ചെയ്യാതെ അടങ്ങിയിരിക്കയില്ല. ആയാൾ സ്വതവേ തന്നെ ഒരു മുൻകോപിയാണ്. അസാധാരണമായ ആത്മസംയമനശക്തിയുണ്ടായിരുന്നതിനാൽ അതിനെ അടക്കിവെച്ചിരുന്നുവെന്നു മാത്രമേയുള്ളു. നിരാശകൂടി ചേർന്നപ്പോൾ ചക്രവർത്തിയുടെ കോപം അടക്കിയാലടങ്ങാത്തവിധം വർദ്ധിച്ചു. മീവാർ മുകിലസൈന്യങ്ങളാൽ വീണ്ടും നിറക്കപ്പെട്ടു. അതിന്നും പുറമെ അദ്ദേഹം വേറൊരു വിധത്തിലും പ്രതിക്രിയ നടത്തുവാൻ തീരുമാനിച്ചു.

കഥ തുടരാം. നവരോജയുടെ രണ്ടു ദിവസം മുമ്പാണ്. പൃത്ഥി ചോദിച്ചു. "പ്രിയേ, നവരോജക്കു പോകുന്നില്ലേ?"

"ഇല്ല" മീര മൃദുസ്വരത്തിൽ പറഞ്ഞു.

"എന്തുകൊണ്ടു"

"ശക്തന്റെ മകൾ അതിന്നു തെയ്യാറില്ല."

"ചക്രവർത്തി കോപിക്കും."

"സാരമില്ല. നമുക്കു പ്രതാപനോടു ചേരാം."

"അദ്ദേഹത്തിന്നിനി നമ്മെ രക്ഷിക്കാൻ കഴികയില്ല". പൃത്ഥി വ്യസനത്തോടുകൂടി പറഞ്ഞു.

"കാരണം?" പത്നി സാശ്ചര്യം ചോദിച്ചു.

"അദ്ദേഹം കീഴടങ്ങിയിരിക്കുന്നു."

മീര 'കുലവെട്ടീടിനകുററിവാഴപോലെ' നിന്നുപോയി. പ്രതാപൻ—ഭാരതമാതാവ് കരത്തിലേന്തിയിരിക്കുന്ന കെടാവിളക്ക് പൊലിഞ്ഞുപോയെന്നോ?—ഒരു പിടി സൈന്യത്തോടുംകൂടി വിപുലശക്തിമാനായ ഭാരതചക്രവൎത്തിയോട് കീഴടങ്ങാതെ പോരാടിയ ആ വീരയോദ്ധാവ്—മീവാർ സംരക്ഷണത്തിന്നു വേണ്ടി സൎവ്വവും ഉപേക്ഷിച്ച ആ മഹാത്യാഗി, പുത്രിവിശപ്പു നിമിത്തം കരയുന്നതു കണ്ടു കണ്ണീർ വാൎത്തതല്ലാതെ (പ്രതാപൻ അന്നുമാത്രമെ കരഞ്ഞിട്ടുള്ളു) കീഴടങ്ങുകയില്ലെന്നുറച്ച ആ സത്യവ്രതൻ—ഇപ്പോൾ അക്ബറിന്റെ അടിമത്വം സ്വീകരിച്ചുവെന്നോ? "ഹാ! രാജസ്ഥാനത്തിലെ അഭിമാനസൂൎയ്യൻ അസ്തമിച്ചുപോയി." എന്നു മീര തന്നത്താനറിയാതെ ഉച്ചരിച്ചു.

ഭൎത്താവ് സമാശ്വസനത്തിന്നൊരുമ്പെട്ടു. അദ്ദേഹം പറഞ്ഞു. "വാസ്തവത്തിൽ അദ്ദേഹത്തിന്നതു തന്നെയാണു നല്ലതു്. ഈ യുദ്ധംകൊണ്ടു മീവാർ എങ്ങനെയായിരിക്കുന്നു? രാജസ്ഥാനത്തിലെ നടുനായകക്കല്ലായി വിളങ്ങിയിരുന്ന ആ രാജ്യം ഇന്നു ഒരു മരുഭൂമിയായിത്തീൎന്നിരിക്കുന്നു. ഈ തരിശിന്ന വേണ്ടിയോ രാജ്യത്തിലെ ജീവരക്തം ഒഴുക്കുന്നതു്?"

"മീവാർ മരുഭൂമിയായതു് പ്രതാപന്റെ കുററമോ? അതിന്നു കാരണം അക്ബർ തന്നെയാണു്."

"പ്രതാപൻ കീഴടങ്ങിയാൽ യുദ്ധം അവസാനിക്കില്ലേ?"

"ആരാണ് യുദ്ധം തുടങ്ങിയതു്? അക്ബറോ, പ്രതാപനോ? രജപുത്രൻ ദില്ലി നിരോധനം തുടങ്ങുകയാണോ ഉണ്ടായതു്? അക്ബറല്ലേ ആദ്യം മീവാറാക്രമിച്ചതു്? ഈ യുദ്ധത്തിന്നു കാരണം ചക്രവൎത്തിയുടെ സാമ്രാജ്യതൃഷ്ണയാണ്. സ്വരാജ്യസ്നേഹവും സ്വാഭിമാനപ്രതിപത്തിയും മാത്രമാണു് പ്രതാപന്റെ കുററം. അങ്ങക്ക് അക്ബറിന്റെ മീവാർ കൈയ്യേററം സാധൂകരിക്കാൻ സാധിക്കുമോ?

"ഇല്ല."

"പിന്നെ എന്താണു് അങ്ങ് ചക്രവൎത്തിയുടെ ഭാഗം വാദിക്കുന്നതു്?

"ചക്രവൎത്തിയുടെ ആശ്രിതനാകകൊണ്ടു്."

"അങ്ങക്ക് വ്യസനമില്ലേ?"

"ഉണ്ടു്"

"എന്നാൽ നമുക്ക് വേഗം മീവാറിലേക്കു പോവുക."

"പ്രിയേ, നേരം വൈകിപ്പോയി. പ്രതാപൻ കീഴടങ്ങിയിരിക്കുന്നു."

മീര ദീൎഘമായി ഒന്നു നിശ്വസിച്ചു. ഒന്നും പറഞ്ഞില്ല. പൃത്ഥി വിഷയം മാററാൻ ഇതുതന്നെ അവസരമെന്നു തീൎച്ചയാക്കി." "ഏതായാലും നീ നവരോജക്കു പോകണം."

"അങ്ങയുടെ ഇഷ്ടംപോലെ; എന്നാൽ ഇതുതന്നെയാണു അവസാനത്തേതു്."

അവളുടെ ഈ വാക്കോൎത്തു പൃത്ഥി പിന്നീടു പലപ്പോഴും കണ്ണീർ വാൎത്തിട്ടുണ്ടു്.

നമുക്കു് മംതസ്സിൻെറ സമീപത്തു ചെല്ലാം. അവരം ആരേയോ കാത്തുനില്ക്കുന്നു.

നേരം ഏകദേശം അഞ്ചുമണിയായിരിക്കുന്നു. ബീഗത്തിൻെറ കണ്ണുകരം സന്തോഷംകൊണ്ടു വികസിച്ചു; പല്ലവാധരങ്ങരം മന്ദഹാസത്താൽ അല്പമൊന്നു വിടൎന്നു. ഒരു സുന്ദരീരത്നം അവളുടെ അടുത്തെത്തി. ബീഗം കണ്ണിമക്കാതെ തന്നെ നോക്കിക്കൊണ്ടിരിക്കുന്നതവളറിയുന്നില്ല. ചിന്താസമുദ്രത്തിലെ കല്ലോലമാലകളിൽ അകപ്പെട്ടുഴലുകയാണവരം.

അംബരയുടെ "മീരേ" എന്ന വിളികേട്ടു. അവരം തല ഉയൎത്തി. അതെ, അവരം പൃത്ഥിരാജൻെറ സഹധൎമ്മിണിയായ മീരതന്നെയായിരുന്നു. അവളുടെ മുഖം കണ്ടാൽ അവരം കരഞ്ഞിരുന്നുവെന്നു മനസ്സിലാക്കാം. എങ്കിലും അതു് "ആ മട്ടിലും നയനമോഹനമായിരുന്നു."

അംബര അവളുടെ അടുത്തു ചെന്നു കൈപിടിച്ചുകൊണ്ടു ചോദിച്ചു. "മീരേ, നീ മംതസ് ബീഗത്തിനെ കേട്ടിട്ടുണ്ടോ?"

"ഉവ്വ്"

"കണ്ടിട്ടുണ്ടോ?"

"ഇല്ല".

ബീഗത്തിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു്, "ഈ നില്ക്കുന്ന സ്ത്രീയാണു്" എന്നു അംബര പറഞ്ഞു.

ബീഗം പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു: "ഞാൻ നിങ്ങളേപ്പററി കേട്ടിട്ടുണ്ടു്. എന്തിനു ഞാൻ എന്നു പറയുന്നു? പൃത്ഥിരാജൻെറ പത്നിയെപ്പററി കേരംക്കാത്തവർ ഇന്നു ഹിന്ദുസ്ഥാനത്തിലുണ്ടോ?"

മീരയുടെ കവിരംത്തടം ചുകന്നു. അതു കണ്ടു ബീഗത്തിൻെറ നേത്രങ്ങരം പ്രകാശിച്ചു. എന്നാൽ അതാരും അറിഞ്ഞില്ല. അവർതമ്മിൽ വേഗം 'ലോഗ്യ'മായി.

മീര അന്നാദ്യമായിട്ടാണു് നവരോജക്കു വന്നിട്ടുള്ളതു്. തന്നിമിത്തം അവരംക്കു കാണുന്നതെല്ലാം ആശ്ചൎയ്യജനകമായിരുന്നു. വാസ്തവത്തിൽ ഒരു രജപുത്രസ്ത്രീക്കു രണ്ടു സാധനങ്ങരം മാത്രമേ അറികയുള്ളു—ഭൎത്താവിനെ സ്നേഹിക്കാനും സന്തോഷത്തോടെ ചിതാരോഹണം ചെയ്യാനും; മംതസ് അന്നു മീരയെ വളരെ സഹായിച്ചു.

ഒരിക്കൽ അവർ ചോദിച്ചു: "ഭവതി ഇന്നൊന്നും കൊണ്ടുവന്നില്ലേ?"

"ഉവ്വ്"

അവരം ഒരു ചിത്രമെടുത്തു കാണിച്ചു. അതു് അന്നു മീവാറിലെ ഏതൊരു ഗൃഹഭിത്തിയിന്മേലും കാണപ്പെട്ടിരുന്ന—ചൈതകാരൂഢനായി ഇരിക്കുന്ന പ്രതാപൻ—ഒന്നായിരുന്നു. മീര അതു ബീഗത്തിന്നു സമ്മാനിച്ചു. മംതസ് പകരമായി ഒരു വിലപിടിച്ച ഹാരം ആ രജപുത്രരമണിക്കു കൊടുത്തു.

സൂൎയ്യൻ അസ്തമിച്ചു. പശ്ചിമാകാശം ശോണവൎണ്ണമായിത്തീൎന്നു. ചന്ദ്രൻ ആഗ്രാനഗരിയെ പാൽപുഞ്ചിരിയിലാറാടി

ച്ചു. നദിയിൽനിന്നു വീശിയിരുന്ന മന്ദ മാരുതനേററു മീരയുടെ അളകങ്ങൾ പറ ന്നുകളിച്ചു. ആ മനോഹരവദനത്തെ വീക്ഷിച്ചു ബീഗം വീണ്ടും വീണ്ടും മന്ദ ഹസിച്ചു. അവർ ചന്തസ്ഥലം വിട്ടതു് മീര അറിഞ്ഞില്ല. കുറച്ചു ദൂരം പോയ പ്പോൾ ഒരു വലിയ രമ്യഹർമ്മ്യവും അതി ൻെറ പടിക്കലായി ആനപ്പുറത്തു കേറി യിരിക്കുന്ന രണ്ടു വീരന്മാരുടെ ശിലാപ്ര തിമയും കാണപ്പെട്ടു.

"ആരുടേതാണ് ആ പ്രതിമകൾ?" മീരചോദിച്ചു.

"ജയമല്ലനും പത്മനും."

"ഹാ! രാജസ്ഥാനത്തിലെ കെടാവിള ക്കുകൾ."

രാജസ്ഥാനത്തിൽ 'കെടാവിളക്കുകൾ' ഈ രണ്ടുപേർ മാത്രമല്ല. അനവധിയു ണ്ടു്.

ബീഗം പുഞ്ചിരിതൂകി. മീര ആ പ്ര തിമകളുടെ മുമ്പിൽചെന്നു് സാഷ്ടാംഗം നമസ്കരിച്ചു. നഗരവാസികൾ ഈ അ സാധാരണമായ കാഴ്ചകണ്ടു് "സ്തംഭാഭരാ യവിടെ നിന്നനിലക്കുനിന്നാർ.'

ആ മന്ദിരം ചക്രവത്തിയുടെ കൊട്ടാര മായിരുന്നു.

അവർ രണ്ടുപേരും കൂടി അടുത്ത ഗൃഹ ത്തിൽ ചെന്നുകയറി. മീരക്കു് അകത്തു കടക്കാൻ മടിയുണ്ടായെങ്കിലും മര്യാദയോ ത്തു അങ്ങിനെ ചെയ്യേണ്ടിവന്നു. ഒരു മു ഹമ്മദീയ ഗൃഹത്തിൽ കടക്കുന്നതു് ഇ തൊന്നാമത്തെ തവണയാണു്. ഈ അ സമയത്തു് നിങ്ങൾ തനിയെ പോകുന്ന തു ഉചിതമല്ല. ഞാൻ ആരെയെങ്കിലും കൂടെ അയച്ചുതരാം. ഇവിടെ ഇരുന്നു അ ല്പം വിശ്രമിക്കുകയും ചെയ്യാമല്ലൊ" എ ന്നു് ബീഗം പറഞ്ഞപ്പോൾ അവളുടെ മ ടിയും നീങ്ങി. കുറച്ചുനേരം സംസാരിച്ചു കൊണ്ടിരുന്നതിന്നു ശേഷം ആളെ വിളി ക്കാനാണെന്നും പറഞ്ഞു് ബീഗം പുറ ത്തേക്കുപോയി.

ഏകദേശം അരമണിക്കൂർ കഴിഞ്ഞ തിന്നു ശേഷമാണു് മുറിയുടെ വാതിൽ അ ടച്ചിരിക്കുന്നുവെന്നു് മീര അറിഞ്ഞതു്. പെട്ടെന്നു് അവളുടെ മനസ്സിൽ ആപൽ ശങ്കയുണ്ടായി. അവൾ അതു തുറക്കുവാൻ ശ്രമിച്ചു; അതു് പുറത്തുനിന്നു പൂട്ടിയിരു ന്നു.

മീര ഭയത്തോടുകൂടി ഒരാസനത്തിൽ ചെന്നിരുന്നു. ഒരു ഭയങ്കരമായ നിശ്ശബ്ദ ത അവിടെയെങ്ങും ബാധിച്ചു. പെട്ടെന്നു് അതു് പ്രേമമസൃണമായ ഒരു ശബ്ദത്താ ൽ ഭേദിക്കപ്പെട്ടു.

"മീരേ,"

അവൾ ഞെട്ടി എണീററു്, പിന്തിരി ഞ്ഞുനോക്കി. ഒത്ത ഉയരത്തിൽ, ഇരു നിറത്തോടുകൂടി ബലിഷ്ഠനായ ഒരു പുരു ഷൻ മന്ദഹാസത്തോടുകൂടി അവിടെ പ്ര ത്യക്ഷപ്പെട്ടു.

"ചക്രവത്തി!" എന്നവൾ ആശ്ചര്യസ മന്വിതം ഉച്ചരിച്ചു.

അതെ, ആഗതൻ ഭാരതചക്രവത്തി മ ഹാനായ അക്ബറായിരുന്നു.

"ഭവതിയുടെ ദാസൻ"

"ആ ദുഷ്ടബീഗമെവിടെ?" മീര ഭയച കിതമായ സ്വരത്തിൽ ചോദിച്ചു.

ചക്രവത്തി പൊട്ടിച്ചിരിച്ചു.

"ഭവതി ഇത്രവിഡ്ഢിയോ? ഞാൻതന്നെയാണ് ബീഗം."

ഹിന്ദുസ്ഥാനചക്രവത്തിയായ ആക്ബർ സ്ത്രീവേഷാലംബിയായി തരുണിമാരുടെ ചാരിത്രധ്വംസനം ചെയ്യുക! ആലോചിപ്പാൻ പോലും പ്രയാസം. എന്നാൽ വാസ്തവം അതുതന്നെയായിരുന്നു. ഈ വിധത്തിൽ അദ്ദേഹം എത്ര സ്ത്രീകളെ കഷ്ടപ്പെടുത്തീട്ടുണ്ടാകും?

നവറോജയാകുന്ന സൗന്ദര്യസമുദ്രത്തിൽ ജീവിച്ചിരുന്ന ഒരു ക്രൂരജീവിയായിരുന്നു ആക്ബർ.

ചക്രവത്തിയുടെ വാക്കുകേട്ട് മീര തരിച്ചുനിന്നു. അവൾക്കു ഭൂലോകം കീഴ്മെൽ മറിയുന്നതായി തോന്നി. ഭത്താവോടുകൂടി ചിതയിൽ ജീവിതാവസാനം വരുത്തേണമെന്നാഗ്രഹിച്ചിരുന്ന ആ സാധ്വിയിതാ ഒരു വിടന്റെ കാമാഗ്നിയിൽ ദഹിക്കാനിടയായിരിക്കുന്നു!

"അങ്ങ് എന്റെ ചാരിത്രം നശിപ്പിക്കരുതു്. പരേതനായ പിതാവ്, ഒരു സാധ്വിയെ കൂട്ടിക്കൊണ്ടുവന്ന തന്റെ സേവകനെ ശിക്ഷിച്ചുവെന്ന് കേട്ടിട്ടുണ്ട്. അങ്ങ് കുലത്തിന്നു കളങ്കം വരുത്തരുതു്" മീര കണ്ണീരോടുകൂടി ചക്രവത്തിപാദങ്ങളിൽ പതിച്ച് അപേക്ഷിച്ചു.

ഇതു് ഹുമയൂൺ അല്ല; ആക്ബറാണ്. കാമപൂരണത്തിന്നു വേണ്ടി ഏതു കഠിനക്കയ്യും ചെയ്യാൻ മടിക്കാത്ത നീചനാണ്. 'കന്യകയല്ല ഞാൻ........' എന്നു പറഞ്ഞു സ്ത്രീയെ പല്ലക്കിൽ കയററി അയച്ചഹുമയൂണെവിടെ? സ്ത്രീവേഷം കെട്ടി സ്ത്രീകളെ പാട്ടിലാക്കിയിരുന്ന ആക്ബറെവിടെ? അവർതമ്മിൽ എന്തൊരു അന്തരമുണ്ടു്!

"ഇതിന്നുള്ളിൽ വെച്ച് എന്തുനടന്നാലും നാം രണ്ടാളല്ലാതെ അറിയുന്നതല്ല." അദ്ദേഹം ദൈവത്തെ തീരെ മറന്നാണിപ്പറഞ്ഞതു്.

"അങ്ങെന്തിനാണെന്നെ ഉപദ്രവിക്കുന്നതു്. ഞാൻ യാതൊരു കുററവും ചെയ്തിട്ടില്ലല്ലൊ."

"ഞാൻ വിവാഹം ചെയ്യാനാവശ്യപ്പെട്ടപ്പോൾ നീ എന്താണ് പറഞ്ഞതു്? ആക്ബറുടെ അപേക്ഷ അതുവരെ ആരും നിരസിച്ചിട്ടില്ല. എന്റെ ആദ്യത്തെ ഇച്ഛാഭംഗത്തിന്നു ശമനം വരുത്താതിരിക്കില്ലെന്നു ഞാൻ ശപഥം ചെയ്തു. അന്നു നീ ജയിച്ചു. ഇന്നു ഞാനും; ഈ അവസരത്തെ ഞാൻ പാഴിലാക്കില്ല."

"അങ്ങ് ഇങ്ങനെ കഠിനനാകരുതേ."

"നീ ഇത്ര സുന്ദരിയാകരുതായിരുന്നു."

ഇതും കൂടി കേട്ടപ്പോൾ തനിക്കിനി ആശക്കു വഴിയില്ലെന്നു മീരക്കു മനസ്സിലായി. അവൾ ബോധരഹിതയായിത്തുടങ്ങിയിരുന്നു. ചക്രവത്തി അവളുടെ കൈപിടിച്ചു ചുംബിച്ചു.

"നിമ്മീലിതങ്ങളായ് പോയിതോ
ധമ്മമെ
നിത്യവിനിദ്രങ്ങൾ നിൻ കൺകളും?"

വാസ്തവത്തിൽ ആ ചുംബനമാണ് അവളെ രക്ഷപ്പെടുത്തിയതു്. അതിന്നു് ഒരു സഞ്ജീവനിയുടെ ശക്തിയുണ്ടായിരുന്നു. മീരക്കു പോയ്പോയ ശക്തിയും ധൈയ്യവും തിരിച്ചുവന്നു. ചക്രവത്തിയുടെ കൈ

കളിൽ നിന്ന് അവരം കുതറി രക്ഷപ്പെട്ടു. ആ സമയത്ത് അവളുടെ കൈ അരയിൽ തിരുകിയിരുന്ന കഠാരിയിന്മേൽ തടഞ്ഞു. അക്ബർ വീണ്ടും അവളെ സമീപിച്ചപ്പോരം മീര അതുരി അതിൻെറ മുന ആ വിടാഗ്രഗണ്യൻെറ മാറിൽ വെച്ചുകൊണ്ട് ദൃഢസ്വരത്തിൽ പറഞ്ഞു: "എടാ നീചാ, ഒരടി മുന്നോട്ടുവെച്ചാൽ നിൻെറ മരണമാണ്."

സ്വതവേ ധീരനാണെങ്കിലും ആ ചാരിത്രമൂർത്തിയുടെ മുമ്പിൽ ചക്രവർത്തി തലതാഴ്ത്തേണ്ടിവന്നു. മീര കൈയ്യിൽ നിന്നു തെററിപ്പോകുമെന്ന് അദ്ദേഹം മനസ്സിലാക്കി. ആയാരം ഇങ്ങിനെ പറഞ്ഞു:

"എത്ര സ്ത്രീകരം ഇതൊരു മാനമായി കരുതുന്നുണ്ട്?"

"എത്ര സ്ത്രീകരം ഇതുകാരണം ആത്മഹത്യ ചെയ്തിട്ടുണ്ടാകും?"

"ഞാൻ ഭാരതചക്രവർത്തിയാണ്."

"ഞാൻ ശിശോദീയ വംശജയാണ്."

"ഭവതി—"

"വാതിൽ തുറക്ക്".

ചക്രവർത്തി വാതിൽതുറന്നു. മീര വേഗം പുറത്തുകടന്ന്, ആരേയും നോക്കാതെ തലതാഴ്ത്തിക്കൊണ്ട് വീട്ടിലേക്കു നടകൊണ്ടു. അക്ബർ അവരം പോയവഴിയും നോക്കി അല്പനേരം ഇതികർത്തവ്യതാമൂഢനായിനിന്നു. ഒടുവിൽ അദ്ദേഹം ഒരു ദീർഘനിശ്വാസത്തോടുകൂടി പിന്തിരിഞ്ഞു. പക്ഷെ, ഇത് അക്ബരുടെ കാമചാരിത്വത്തിലെ ഒന്നാമത്തേയും അവസാനത്തേയും തോൽമയായിരിക്കാം.

ആ ദിവസം ശക്തസിംഹൻ ജാമാതൃഗൃഹത്തിൽ എത്തീട്ടുണ്ടായിരുന്നു. മാനസിംഹനും വന്നിട്ടുണ്ട്. അവർ ഓരോ രാജ്യകാര്യങ്ങളെപ്പററി പറഞ്ഞുകൊണ്ടിരിക്കയായിരുന്നു.

മാന—"പ്രതാപൻ കീഴടങ്ങിയിരിക്കുന്നു."

ശക്തൻ—"വാസ്തവമാണ്. അദ്ദേഹത്തിന്നെന്തോ കഠിനദുഃഖം നേരിട്ടിരിക്കുന്നു. ഞങ്ങരം പലതും പറഞ്ഞിട്ടും ഫലമുണ്ടായില്ല."

മാന—"ഞാനാണയാളുടെ ശത്രു."

ശക്തൻ—"കുടുംബകലഹമാണ് കുലനാശത്തിന്നു കാരണം."

മാന—"ഞാനല്ല ശണ്ഠക്കു പുറപ്പെട്ടത്. അന്നദ്ദേഹം ചെയ്തത് ഒരിക്കലും ക്ഷന്തവ്യമല്ല."

പൃഥ്വി—"നിങ്ങരം എന്തിനെപ്പററിയാണ് പറയുന്നത്?"

മാന—"എന്ത്? നിങ്ങരംകേട്ടിട്ടില്ലെന്നോ? ഒരു ദിവസം ഞാനദ്ദേഹത്തെ കാണാൻ ചെന്നു. ഊണിന്നു ക്ഷണിച്ചുവെങ്കിലും പ്രതാപൻ എൻെറ കൂടെ ഇരുന്നു ഭക്ഷണം കഴിച്ചില്ല."

ശക്ത—"എന്താണതിന്ന് ജ്യേഷ്ഠൻ കാരണം പറഞ്ഞത്?"

മാന—"ഞാൻ യവനക്കു സ്ത്രീകളെ കൊടുത്തിരിക്കുന്നുപോലും."

ശക്ത—"വാസ്തവമല്ലെ?"

മാന—"അതെ, എന്നാൽ അങ്ങ് പ്രതാപൻെറ അനുജനായിട്ടുകൂടി ചക്രവർത്തിയോടു യോജിച്ചില്ലേ? സാഗരസിംഹൻ ഇപ്പോഴും അങ്ങനെതന്നെയല്ലെ? ഇതിലും വലുതാണോ എൻെറ കുററം?"

ശക്തൻ—"അവമാനിക്കുന്നോ?"

ശക്തൻ എണീററു് വാളൂരി; മാനസിംഹനും അപ്രകാരംചെയ്തു. പൃഥ്വി പറഞ്ഞു, "നിങ്ങൾ തമ്മിൽ ശണ്ഠകൂടരുതു്."

"സലിം അവമാനിച്ചതിന്നു പ്രതിക്രിയ ചെയ്യുവനാണു് ഞാൻ. എന്നിട്ടോ ഈ കീടം?" എന്നു ശക്തൻ ഗർജ്ജിച്ചു.

"ആ ഊക്കു ഞാൻ ഇന്നു മാററാം,"എന്നു മാനസിംഹനും അതേ സ്വരത്തിൽ പറഞ്ഞു.

പോർവാശിയേശിയിരിക്കുന്ന അവരോടുന്യായം പറഞ്ഞിട്ടു ഫലമില്ലെന്നുകരുതി പൃഥ്വി ഒഴിഞ്ഞുനിന്നു. രണ്ടുപേരും യുദ്ധത്തിന്നു തെയ്യാറായി വാളൂയർത്തി. പെട്ടെന്നു് ഒരു യുവതി അവരുടെ മദ്ധ്യത്തിലെത്തി. അവളുടെ തലമുടി അഴിഞ്ഞു നിലത്തു കിടന്നിഴഞ്ഞിരുന്നു; വദനാരവിന്ദം കണ്ണീരിൽ മുഴുകിയിരിക്കുന്നു. അവളുടെ കൈയ്യിൽ ഒരു കഠാരിയുമുണ്ടു്. ആരാണീ യുവതി? മീര.

അവൾ ഗദ്ഗദമായി പറഞ്ഞു.

"ആര്യപുത്ര, അച്ഛാ, മാനസിംഹാ, നിങ്ങളെല്ലാം ആണുങ്ങളാണോ? രജപുത്രരാണോ? ആണെങ്കിൽ നിങ്ങൾ എന്തുകൊണ്ടു് നിങ്ങളുടെ പുത്രിമാരുടേയും പതിമാരുടേയും മാനത്തെ കാത്തുരക്ഷിക്കുന്നില്ല? എന്തുകൊണ്ടു് അതിന്നു കാരണഭൂതന്മാരെ ശിക്ഷിക്കുന്നില്ല? ഭാരതീയശൌര്യവും രജപുത്രവീര്യവും അസ്തമിച്ചുപോയോ?"

മീരയുടെ ഈ വരവും വാക്കും ആ മൂന്നുപേരിലും അത്യത്ഭുതമുളവാക്കി. പ്രതിദ്വന്ദികളുടെ കൈകളിൽനിന്നു വാളുകൾ നിലത്തുവീണതു അവർ അറിഞ്ഞില്ല. ശക്തൻ അവളെ വാത്സല്യപൂർവ്വം തഴുകികൊണ്ടു പറഞ്ഞു.

"നീയെന്തിനാണിങ്ങനെ വ്യസനിക്കുന്നതു്?"

അവൾ ശക്തന്റെ സമീപത്തിൽനിന്നു വിട്ടുനിന്നു പറഞ്ഞു:—"അച്ഛാ എന്നെത്തൊടേണ്ട. ഞാൻ പതിതയാണു്. ആ ദുഷ്ടൻ ആ മനുഷ്യപ്പിശാചു് എന്നെ അവമാനിച്ചു."

ശക്തന്റെയും പൃഥ്വിയുടെയും കണ്ണുകൾ ജ്വലിച്ചു. അച്ഛൻ നിലത്തു വീണിരുന്ന വാൾ കൈയ്യിലെടുത്തു; ഭർത്താവു് തന്റേതു ഉറയിൽനിന്നൂരി.

"ആരാണു് നിന്നെ അവമാനിച്ചതു്? ശക്തൻ ഉഗ്രസ്വരത്തിൽ ചോദിച്ചു.

"അക്ബർ"

കേട്ട പാതി കേൾക്കാത്തപാതി; അവരുടെ ഊക്കടങ്ങി. ശക്തൻ വ്യസനത്തോടും കോപത്തോടുംകൂടി പറഞ്ഞു.

"ഹാ! അക്ബരേ! നിങ്ങൾ ഹിന്ദുമതത്തിന്റെ കണ്ഠകോടാലിയാണോ? എന്തിനാണു് ഞങ്ങളെ ഇങ്ങനെ വലപ്പിക്കുന്നതു്? ഞങ്ങൾ ബലഹീനരാണെന്നു വെച്ചോ? എന്നാൽ അതു തെററിദ്ധാരണയാണു്. ഈ കഠിനക്രിയക്കു പകരംവീട്ടിയല്ലാതെ ശക്തൻ അടങ്ങില്ല. മീവാറിൽ ഇന്നുള്ള മുഹമ്മദീയരിൽ ഒരുത്തനെങ്കിലും ആഗ്ര കാണുകയില്ല."

മീര പറഞ്ഞു:

"ഈ അവമാനം സഹിച്ചു് ഞാൻ ജീവിച്ചിരിക്കുന്നില്ല. ഞാൻ മരിക്കയാണു് എനിക്കും രാജ്യത്തിന്നും നല്ലതു്. അവൻ

